Nidas

NISH Online Interactive Disability Awareness Seminar- 41

Frequently Asked Questions (FAQ)

പാർക്കിൻസോണിസവും പാർക്കിൻസൺസ് രോഗവും 15 ജൂൺ 2019

1. **എന്താണ് പാർക്കിൻസൺസ് രോഗം?**

മസ്തിഷ്കത്തെ ബാധിക്കുന്ന ഒരു ഡിജനറേറ്റീവ് രോഗമാണ് പാർക്കിൻസൺസ് രോഗം. മസ്തിഷ്കത്തിന്റെ കോശങ്ങൾ ക്ഷയിക്കുകയും തുടർന്ന് നശിച്ചു പോകുകയും ചെയ്യുന്ന രോഗങ്ങളാണ് ഡിജനറേറ്റീവ് രോഗങ്ങൾ. പ്രായമായവരിൽ ഓർമ്മയും ഗ്രഹണശക്തിയും (ബുദ്ധിശക്തി) തുടർച്ചയായി നഷ്ടപ്പെടുന്ന അൽഷീമർസ് രോഗവും ഡിജനറേറ്റീവ് രോഗത്തിനുദാഹരണമാണ്. പാർക്കിൻസൺസ് രോഗവും അത്തരത്തിലൊരു ഡിജനറേറ്റീവ് രോഗമാണ്.

2. **പ്രായമായവർക്കു മാത്രമുണ്ടാകുന്ന ഒരു രോഗമാണോ പാർക്കിൻസൺസ് രോഗം?**

പാർക്കിൻസൺസ് രോഗം പൊതുവെ, വാർദ്ധക്യത്തിൽ കാണപ്പെടുന്ന ഒരു രോഗമാണ്. പ്രായം അധികമാകും തോറും രോഗം കൂടുന്നതായി കാണാം. 60 വയസ്സിനു മുകളിലുള്ളവരിൽ 1% പേർക്കും പാർക്കിൻസൺസ് രോഗമുള്ളതായി കാണാം. പാർക്കിൻസൺസ് രോഗികളിൽ 10% പേർക്കും 45 വയസ്സിനു മുൻപേ തന്നെ ലക്ഷണങ്ങൾ കണ്ടു തുടങ്ങുന്നു. 20 വയസ്സിൽ രോഗം ബാധിച്ച ചില അപൂർവ്വം അവസ്ഥകളും കാണപ്പെടാറുണ്ട്.

3. **പാർക്കിൻസൺസ് രോഗത്തിന്റെ ലക്ഷണങ്ങൾ എന്തെല്ലാമാണ്?**

പാർക്കിൻസൺസ് രോഗം പ്രധാനമായും ബാധിക്കുന്ന മസ്തിഷ്കത്തിലെ കോശങ്ങൾ നിൽക്കുക, ചലിക്കുക എന്നിങ്ങനെയുള്ള ശാരീരികപ്രവർത്തനങ്ങളെ ബാധിക്കുന്നു. അതു കൊണ്ടു തന്നെ രോഗികൾക്ക് ആരംഭത്തിൽ ചലനസംബന്ധമായ ബുദ്ധിമുട്ടുകളാണ് കാണപ്പെടുന്നത്, ഉദാ– കൈകാലുകളുടെ വിറയൽ, പ്രവർത്തികളുടെ മന്ദത, കകൈകാലുകളിലെ പേശികൾ ഉറച്ചു പോകുന്ന അവസ്ഥ, ശരീരത്തിന്റെ ബാലൻസ് നഷ്ടപ്പെടുക, നടക്കുവാൻ ബുദ്ധിമുട്ടുക.

ചലനസംബന്ധമായ പ്രശ്നങ്ങൾ മാത്രമല്ല മറിച്ച് ഉറക്കം, മനോഭാവം, രക്തസമ്മർദ്ദത്തിന്റെ നിയന്ത്രണം, മൂത്രനിയന്ത്രണം തുടങ്ങിയവയടങ്ങുന്ന സ്വതന്ത്രനാഡികൾക്കു കീഴിൽ നടക്കുന്ന പ്രവർത്തനങ്ങൾ, പെരുമാറ്റം, ബുദ്ധിശക്തി എന്നിവയെയും ഒരു പരിധി വരെ ഈ രോഗം ബാധിക്കുന്നു. മസ്തിഷ്കത്തിന്റെ ഇത്തരം ഭാഗങ്ങളുടെ ക്രമവിരുദ്ധമായ പ്രവർത്തനങ്ങൾ ചലനസംബന്ധമായ പ്രശ്നങ്ങളോടൊപ്പം തന്നെ ഉറക്കത്തിൽ തടസ്സങ്ങളുണ്ടാക്കുകയും, വിഷാദരോഗം, ഉത്കണ്ഠ, മൂത്രം നിയന്ത്രിക്കാനാകാതെ വരിക, മലബന്ധം, ലൈംഗികബന്ധത്തിലേർപ്പെടാൻ കഴിയാതെ വരിക, ഓർമ്മയിലെ പ്രശ്നങ്ങൾ, മാനസികരോഗലക്ഷണങ്ങൾ, ബുദ്ധിപരമായ പ്രശ്നങ്ങൾ എന്നിങ്ങനെയുള്ള പ്രശ്നങ്ങളും ഉണ്ടാക്കുന്നു.

4. **നേരത്തെ തിരിച്ചറിയുകയാണെങ്കിൽ പാർക്കിൻസൺസ് രോഗം പൂർണ്ണായും ഭേദപ്പെടുത്താൻ കഴിയുമോ?**

ലോകത്തുടനീളം നിരന്തരമായ പഠനങ്ങളും പരീക്ഷണങ്ങളും നടക്കുന്നുണ്ടെങ്കിലും പാർക്കിൻസൺസ് രോഗം പോലുള്ള ഡീജനറേറ്റീവ് രോഗങ്ങളിൽ മസ്തിഷ്കത്തിലെ കോശങ്ങൾ നശിച്ചു പോകു

ന്നതിന്റെ കാരണം കണ്ടു പിടിക്കാൻ സാധിച്ചിട്ടില്ല. അതു കൊണ്ടു തന്നെ കോശങ്ങളുടെ നേരത്തെയുള്ള നാശമോ രോഗത്തിന്റെ വർദ്ധനവോ തടയുന്നതിനുള്ള ചികിത്സകളൊന്നും തന്നെയില്ല. ആയതിനാൽ ഡീജനറേറ്റീവ് രോഗങ്ങളുടെ ചികിത്സ ഇന്നും ലക്ഷ്യം വയ്ക്കുന്നത് രോഗലക്ഷണങ്ങളെ ചികിത്സിക്കുന്നതിലും രോഗിയുടെ പ്രവർത്തനവും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിലുമാണ്.

5. **പാർക്കിൻസോണിസവും പാർക്കിൻസൺസ് രോഗവും തമ്മിലുള്ള വ്യത്യാസമെന്ത്?**

പാർക്കിൻസോണിസം ഒരു രോഗത്തിന്റെ പേരല്ല, മറിച്ച് താഴെ പറയുന്ന ഒരു കൂട്ടം ലക്ഷണങ്ങളാണ്.

- ബ്രാഡികൈനീഷ്യ- പ്രവർത്തനങ്ങളിലും മന്ദത
- റിജിഡിറ്റി- പേശികൾ ബലപ്പെടുന്ന അവസ്ഥ
- വിറയൽ
- പോസ്റ്ററൽ ഇൻസ്റ്റബിലിറ്റി- നടക്കുമ്പോൾ സന്തുലനം നഷ്ടപ്പെടുക.

മസ്തിഷ്കത്തിന്റെ ബേസൽ ഗാംഗ്ലിയ യെ ബാധിക്കുന്ന രോഗങ്ങൾക്ക് പാർക്കിൻസോണിസം ലക്ഷണമായി കാണപ്പെടുന്നു.

പാർക്കിൻസോണിസം ഉണ്ടാക്കുന്ന പല രോഗങ്ങളിൽ ഒന്നാണ് പാർക്കിൻസൺസ് രോഗം. എങ്കിലും സാധാരണയായി കാണപ്പെടുന്ന ഒരു രോഗം ഇതു തന്നെയാണ്. പാർക്കിൻസോണിസം ഉള്ള രോഗികളിൽ 80% പേർക്കും പാർക്കിൻസൺസ് രോഗം കാണപ്പെടുന്നു.

6. **പാർക്കിൻസൺസ് രോഗം സ്ഥിരീകരിക്കുന്നതെങ്ങിനെയാണ്?**

ക്ലിനിക്കൽ രീതികളിലൂടെയാണ് പാർക്കിൻസൺസ് രോഗം സ്ഥിരീകരിക്കുന്നത്. രോഗിയുടെ ഹിസ്റ്ററി, ക്ലിനിക്കൽ പരിശോധനകൾ, ചികിത്സയോടുള്ള പ്രതികരണങ്ങൾ മുതലായവയെ ശ്രദ്ധാപൂർവ്വം പഠിച്ചു മാത്രമാണ് നിർണ്ണയിക്കുന്നത്. 100% കൃത്യമായി രോഗം സ്ഥിരീകരിക്കാൻ കഴിയുന്ന തരത്തിലുള്ള ലാബ് പരിശോധനയോ സ്കാനിങ്ങോ ഇല്ല. അപൂർവ്വമായി കാണപ്പെടുന്ന മറ്റു ഡീജനറേറ്റീവ് രോഗങ്ങളായ അസാധാരണമായ പാർക്കിൻസോണിസംസ് അഥവാ പാർക്കിൻസൺ പ്ലസ് ഉദാ- പ്രോഗ്രസ്സീവ് സൂപ്പർന്യൂക്ലിയർ പാൾസി (പി.എസ്.പി), മൾട്ടിപ്പ്ൾ സിസ്റ്റം അട്രോഫി (എം.എസ്.എ) എന്നിവയ്ക്കും ആരംഭത്തിൽ ഇതേ ലക്ഷണങ്ങളാണ് കാണപ്പെടുന്നത്. ചില അവസരങ്ങളിൽ രോഗിയുടെ കൃത്യമായ നിരീക്ഷണവും കുറച്ചു കാലത്തേക്കു (ചിലപ്പോൾ വർഷങ്ങൾ) ചികിത്സയോട് രോഗിക്കുള്ള പ്രതികരണവും രോഗം നിർണ്ണയിക്കാൻ ആവശ്യമായി വരും.

7. **എങ്ങനെയാണ് പാർക്കിൻസൺസ് രോഗം ചികിത്സിക്കുന്നത്?**

ആരംഭഘട്ടത്തിൽ രോഗം കാരണമുണ്ടാകുന്ന ചലനസംബന്ധമായതും അല്ലാത്തതുമായ ലക്ഷണങ്ങളെ ചികിത്സിക്കുവാനായി മരുന്ന് കഴിക്കാനാണ് നിർദ്ദേശിക്കുന്നത്. നിലവിൽ നശിച്ചു പോയ കോശങ്ങളെ പുനരുജ്ജീവിപ്പിക്കുവാനോ മസ്തിഷ്കത്തിനുണ്ടാകുന്ന മറ്റു തകരാറുകൾ തടയാനോ ചികിത്സക്കു കഴിയില്ല. കോശങ്ങളുടെ നാശം കാരണം മസ്തിഷ്കത്തിലുണ്ടാകുന്ന രസതന്ത്രപരമായ കുറവുകൾ നികത്തുന്ന രീതിയിലുള്ള സിംപ്റ്റോമാറ്റിക് ചികിത്സയാണ് (അഥവാ രോഗലക്ഷണങ്ങളെ ചികിത്സിക്കുന്ന രീതി) അവലംബിക്കുന്നത്. ഈ രോഗം വരുമ്പോൾ മസ്തിഷ്കത്തിലെ ഡോപമൈൻ എന്ന രാസപദാർത്ഥമാണ് കുറയുന്നത്. ഇതിനായി ലെവഡോപ എന്ന മരുന്ന് നൽകുന്നു.

8. **എത്ര കാലം ചികിത്സിക്കേണ്ടതായി വരും?**

നിലവിലുള്ള ചികിത്സാരീതികൾ രോഗിയുടെ ലക്ഷണങ്ങൾ കുറയ്ക്കുവാനും ജീവിതനിലവാരം മെച്ചപ്പെടുത്താനുമാണുപയോഗിക്കുന്നത്. കാലക്രമേണ രോഗം അധികമാകുന്നത് തടയാൻ ചികിത്സ

ക്കു സാധ്യമല്ല. അതു കൊണ്ടു തന്നെ ജീവിതകാലം മുഴുവനും ചികിത്സ തുടരേണ്ടതായുണ്ട്. രോഗം അധികമാകുന്നതിനനുസരിച്ച് ലക്ഷണങ്ങളെ നിയന്ത്രിക്കുവാൻ കൂടുതൽ മരുന്നുകൾ ആവശ്യമായി വരുന്നു.

**9. രോഗം ഭേദമാകില്ലെങ്കിൽ ചികിത്സിക്കുന്നതെന്തിനാണ്?**

പാർക്കിൻസൺസ് രോഗത്തിന്റെ ലക്ഷണങ്ങൾ വേണ്ടവിധം ചികിത്സിച്ചില്ലെങ്കിൽ വൈകല്യങ്ങളുണ്ടാകുന്നതിന് കാരണമാകുന്നു. രോഗിക്ക് അനങ്ങുവാനോ എന്തെങ്കിലും പ്രവർത്തി ചെയ്യുവാനോ സാധിക്കാതെ വരുന്നു. ചികിത്സിച്ചാൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുവാനും സ്വന്തം കാര്യങ്ങൾ സ്വയം പരിപാലിക്കുവാനും ജോലിക്കു പോകുവാനും കഴിയുന്നു.

**10. വ്യായാമത്തിന്റെ പങ്ക് എന്താണ്?**

പാർക്കിൻസൺസ് രോഗത്തിൽ വ്യായാമത്തിനും ഫിസിയോതെറാപ്പിക്കും വളരെ പ്രാധാന്യമുണ്ട്. സ്ഥിരമായി വ്യായാമം ചെയ്യുകയാണെങ്കിൽ രോഗികളുടെ ചലനശേഷി വീണ്ടെടുക്കാനും സന്തുലനം നേടാനും സഹായിക്കുന്നു.

**11. ഡീപ്പ് ബ്രെയിൻ സ്റ്റിമുലേഷൻ (ഡി.ബി.എസ്) എന്നാലെന്താണ്?**

പാർക്കിൻസൺസ് രോഗം വർദ്ധിച്ചു വരുന്ന അവസരത്തിൽ ലക്ഷണങ്ങളെ ചികിത്സിക്കുവാൻ മരുന്നുകൾക്കു മാത്രമായി സാധിക്കാതെ വരുന്നു. ഈയവസരത്തിൽ നൽകുന്ന ശസ്ത്രക്രിയയാണ് ഡീപ്പ് ബ്രെയിൻ സ്റ്റിമുലേഷൻ (ഡി.ബി.എസ്). ഹൃദയമിടിപ്പിലുണ്ടാകുന്ന തകരാറുകൾക്കു സ്ഥാപിയ്ക്കുന്ന പേസ്മേക്കറുകൾ പോലെ, ഡീപ്പ് ബ്രെയിൻ സ്റ്റിമുലേഷനിൽ ന്യൂറോ സ്റ്റിമുലേറ്ററുകൾ ത്വക്കിനു താഴെയായി നെഞ്ചിൽ വയ്ക്കുന്നു. ഈ ന്യൂറോ സ്റ്റിമുലേറ്ററിന്റെ കേബിളുകൾ ത്വക്കിനടിയിലൂടെ കഴുത്തിലൂടെ തലയിലേക്ക് സഞ്ചരിക്കുന്നു. തലയോട്ടിയിൽ സ്ഥാപിച്ച തുളയിലൂടെ ഈ കേബിളുകൾ മസ്തിഷ്കത്തിൽ പ്രവേശിക്കുകയും അതു വഴി, ന്യൂറോ സ്റ്റിമുലേറ്ററുകൾ നിരന്തരമായി സിഗ്നലുകൾ മസ്തിഷ്കത്തിലേക്കയക്കുകയും പാർക്കിൻസൺസ് രോഗത്തിന്റെ ചില ലക്ഷണങ്ങളെ നിയന്ത്രിക്കുകയും ചെയ്യുന്നു.

12. ഡി.ബി.എസ്സിനു പാർക്കിൻസൺസ് രോഗം ഭേദപ്പെടുത്താൻ സാധിക്കുമോ?

ഇല്ല. മരുന്നുകളെ പോലെ തന്നെ ശസ്ത്രക്രിയയും രോഗത്തിന്റെ ലക്ഷണങ്ങളെ ചികിത്സിക്കുവാനുള്ളതാണ്. രോഗത്തെ തടയാനോ രോഗാവസ്ഥ മോശമാകുന്നത് തടയാനോ സാധിക്കില്ല. വിറയൽ, നടക്കാനുള്ള ബുദ്ധിമുട്ട്, മുതലായവയാണ് ഈ ശസ്ത്രക്രിയയിലൂടെ നിയന്ത്രിക്കുന്നത്.

13. പാർക്കിൻസൺസ് രോഗമുള്ള എല്ലാവർക്കും ഡി.ബി.എസ്. ശസ്ത്രക്രിയ ചെയ്യാമോ?

ഒരിക്കലുമില്ല. എല്ലാ പാർക്കിൻസൺസ് രോഗികൾക്കും ഡി.ബി.എസ്. ശസ്ത്രക്രിയ ഗുണകരമാകില്ല. രോഗിയെ പല തവണ ന്യൂറോളജിസ്റ്റ് ഇന്റർവ്യൂ ചെയ്ത് വിശദമായി പരിശോധിച്ച ശേഷം മാത്രമേ രോഗി ശസ്ത്രക്രിയക്കു അനുയോജ്യനാണോ എന്ന് തീരുമാനിക്കൂ.

Nidas

**കൂടുതൽ വിവരങ്ങൾക്ക്**

**ഡോ. ശ്യാം. കെ**
അഡീഷണൽ പ്രൊഫസ്സർ ഓഫ് ന്യൂറോളജി
കോമ്പ്രിഹെൻസീവ് കെയർ സെന്റർ ഫോർ മൂവ്മെന്റ് ഡിസോർഡർസ്
ശ്രീ ചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി
തിരുവനന്തപുരം

**മിസ്. രജിത എൽ** **04712944638**
സോഷ്യൽ വർക്കർ, നിഷ്

**നിഡാസ് ടീം** **04712944675**